## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3320 | 08/11/2019- ൽ മറുപടിയ്ക്ക്

# നാളികേരത്തിന് താങ്ങുവില

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) നാളികേരത്തിന് നിലവിൽ താങ്ങുവില നിശ്ചയിച്ചിട്ടുണ്ടോ; ആയത് എത്രയാണെന്ന് വിശദമാക്കാമോ;<br><br>(ബി) കേര കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) | ഉണ്ട്. 29/6/2019 - ലെ സ.ഉ.(കൈ) നം.87/2019/കൃഷി നമ്പർ ഉത്തരവ് പ്രകാരം പച്ചത്തേങ്ങയുടെ താങ്ങുവില കിലോയ്ക്ക് 25/- രൂപയിൽ നിന്നും 27/- രൂപയായി ഉയർത്തിയിട്ടുണ്ട്. പച്ചതേങ്ങ സംഭരണം പുനരാരംഭിക്കുവാൻ തത്വത്തിൽ തീരുമാനം എടുക്കുകയും കേരഫെഡിനെ പച്ചതേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സംഭരണ വിലയേക്കാൾ ഉയർന്ന വില പച്ചത്തേങ്ങയ്ക്ക് ലഭിയ്ക്കുണ്ട്. സംസ്ഥാനത്തെ കേര കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പക്കുന്നതിന് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നാളികേര കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും നാളികേരത്തിന്റെ സമഗ്രവികസനത്തിനുമായി സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. |

Suseelathia
സെക്ഷൻ ഓഫീസർ

1